MONDAY 28/10/2024 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Nizam S A Editor : Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/10/2024

1. കേരളത്തിൽ കാർഷികയോഗ്യമായ എന്നാൽ വിവിധ കാരണങ്ങളാൽ തരിശ് കിടക്കുന്ന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ, വ്യക്തിഗത ഉടമകളുടെ ഭൂമി കണ്ടെത്തി അവിടെ അനുയോജ്യമായ കൃഷി ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന നവോ-ധാൻ (NAWO-DHAN - New Agriculture Wealth Opportunities - Driving Horticulture and Agribusiness Networking) പദ്ധതിയിലേക്ക് താല്പര്യമുള്ള കർഷകർ, ഭൂവുടമകൾ എന്നിവരിൽ നിന്നും കൃഷി വകുപ്പ് താത്പര്യപത്രം (EoI - Expression of Interest) ക്ഷണിച്ചു. http://nawodhan.kabco.co.in/eoi-registration എന്ന ലിങ്ക് മുഖേനെ പ്രവേശിക്കുന്ന വെബ് പേജിൽ, കൃഷി ചെയ്യാൻ താല്പര്യമുള്ള വ്യക്തി/സ്ഥാപനം, ഭൂമി കൈവശമുള്ള വ്യക്തി/സ്ഥാപനം എന്നിവർക്ക് താത്പര്യപത്രം സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 9446104163, 9400496050. കൃഷിക്ക് അനുയോജ്യമായ ഭൂമി കൈവശമുള്ള പൊതു മേഖല സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, അസ്സോസിയേഷനുകൾ, വ്യക്തികൾ എന്നിവർക്ക് കൃഷി ഭൂമിയുടെ വിശദാംശങ്ങൾ സമർപ്പിച്ച് 750 രൂപ രജിസ്ട്രേഷൻ ഫീസും അടച്ച് ഓൺലൈനായി ഭൂമിയുടെ ലഭ്യത ഉറപ്പാക്കാനാകും.

2. 2023-24 വർഷങ്ങളിൽ റബർ കൃഷി ചെയ്തവർക്ക് ധനസഹായത്തിന് റബർ ബോർഡിൻ്റെ www.rubberboard.org.in എന്ന സൈറ്റിൽ നവംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. 25 സെൻ്റ മുതൽ രണ്ടര ഏക്കർ വരെയുള്ള തോട്ടം ഉടമകൾക്ക് അർഹതയുണ്ടായിരിക്കും. അപേക്ഷയോടൊപ്പം തോട്ടത്തിന്റെ സ്വയം തയാറാക്കിയ പ്ലാൻ, ആധാർ ബന്ധിപ്പിച്ച ബാങ്ക് പാസ് ബുക്കിന്റെ അക്കൗണ്ട് നമ്പറും ഐ

എ ഫ്എസ്സിയും ഉൾപ്പെട്ട കോപ്പി, ആധാർ കോപ്പി, ഉടമസ്ഥത സർട്ടിഫിക്കറ്റ്, തൈ വാങ്ങിയ ബില്ല്, നോമിനിയുണ്ടെങ്കിൽ അതിന്റെ രേഖ എന്നിവയും സമർപ്പിക്കണം. ഒന്നാം വർഷം തൈ വില ഉൾപ്പെടെ 30,000 രൂപയും മൂന്നാം വർഷം പതിനായിരം രൂപയും ലഭിക്കും.

3. ഫിഷറീസ് വകുപ്പിന് കീഴിലെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്) നടപ്പിലാക്കുന്ന പലിശ രഹിത വായ്പാ പദ്ധതിയിലേക്ക് മത്സ്യത്തൊഴിലാളി വനിതകളുടെ ജോയിൻ്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് അപേക്ഷിക്കാം. മത്സ്യത്തൊഴിലാളി ഫാമിലി രജിസ്റ്ററിൽ അംഗത്വമുള്ളതും മത്സ്യകച്ചവടം, പീലിംഗ്, ഉണക്കമീൻ കച്ചവടം ജോലികൾ ചെയ്യുന്നതുമായ അഞ്ച് പേർ അടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് അവസരം. പ്രായപരിധിയില്ല. അഞ്ച് പേർ അടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി 50,000 രൂപ (ഒരാൾക്ക് 10,000 രൂപ വീതം) പലിശ രഹിത വായ്പ നൽകും. കൃത്യമായി തിരിച്ചടക്കുന്നവർക്ക് തുടർ വായ്പയായി ഒരംഗത്തിന് 20000 രൂപയും ഗ്രൂപ്പിന് ഒരു ലക്ഷം രൂപയും ലഭിക്കും. ജില്ലാ സാഫ് നോഡൽ ഓഫീസ്, മത്സ്യഭവൻ ഓഫീസുകൾ, www.fisheries.kerala.gov.in, www.safkerala.org വെബ്സൈറ്റുകളിലും അപേക്ഷ ഫോറം ലഭിക്കും. ആധാർ കാർഡ്, റേഷൻ കാർഡ് മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ്ബുക്ക്, മുൻഗണന സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പകർപ്പ് സഹിതം ഒക്ടോബർ 31 നകം ബന്ധപ്പെട്ട മത്സ്യഭവനുകളിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 7902502030.

4. റബ്ബർബോർഡിൽ താൽക്കാലികാടിസ്ഥാനത്തിൽ ഗ്രാജുവേറ്റ് ട്രെയിനികളെ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. കരാർ അടിസ്ഥാനത്തിൽ 11 മാസത്തേക്കായിരിക്കും നിയമനം. ഉദ്യോഗാർത്ഥികൾ കൊമേഴ്സിൽ കുറഞ്ഞത് 60 ശതമാനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാർക്കോടെ ബിരുദം നേടിയവരായിരിക്കണം. കൂടാതെ, കമ്പ്യൂട്ടർ പരിജ്ഞാനവും(എംഎസ് ഓഫീസ്, ടാലി തുടങ്ങിയവയിൽ) മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ ആശയവിനിമയം നടത്താൻ കഴിവും ഉള്ളവരായിരിക്കണം. അപേക്ഷകർ 2024 സെപ്റ്റംബർ 01-ന് 30 വയസ്സ് പൂർത്തിയാകാത്തവരായിരിക്കണം. യോഗ്യതയുള്ളവർ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഇന്നു (2024 ഒക്ടോബർ 28-ന്) രാവിലെ 10 മണിക്ക് ഡയറക്ടർ, ട്രെയിനിങ് ഇൻ-ചാർജ്, എൻഐആർടി, മുമ്പാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക. ഫോൺ : 0481 2301231

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'കൃഷി അനുബന്ധ മേഖലകളിലെ പദ്ധതി രൂപരേഖ തയ്യാറാക്കൽ '(Detailed project report preparation on Agriculture and allied subjects) എന്ന വിഷയത്തിൽ 2024 ഒക്ടോബർ 29ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു താല്പര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽരജിസ്റ്റർചെയ്യേണ്ടതാണ്.

6. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ട്രെയിനിങ് സർവീസ് സ്കീം, ഒക്ടോബർ 29 ചൊവ്വാഴ്ച **ശാസ്ത്രീയ പച്ചക്കറി കൃഷി** എന്ന വിഷയത്തിൽ ഏകദിന പരിശീലനം നൽകുന്നു. രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെയാണ് ക്ലാസുകൾ. 500 രൂപയാണ് ഫീസ്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളു. രജിസ്റ്റർ ചെയ്യാനും, കൂടുതൽ വിവരങ്ങൾക്കും 88915 40778 എന്ന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് വിളിക്കുകയോ വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം